സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 241 2025 ജനുവരി 16 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ബസ് ടിക്കറ്റ് നിരക്കിൽ വിമാനയാത്ര

കൊച്ചി: കേരളം ആസ്ഥാനമായുള്ള ആദ്യ വിമാന സർവീസായ എയർ കേരളയുടെ ആദ്യ വിമാനം ജൂണിൽ കൊച്ചി വിമാനത്താവളത്തിൽ നിന്ന് പറന്നുയരും. കൊച്ചിയായിരിക്കും എയർ കേരളയുടെ പ്രവർത്തന കേന്ദ്രവും. ദക്ഷിണേന്ത്യയിലും മദ്ധ്യ ഇന്ത്യയിലും ഉടനീളമുള്ള ആഭ്യന്തര റൂട്ടുകളെ ബന്ധിപ്പിക്കുന്ന അൾട്രാ ലോ കോസ്റ്റ് കാരിയർ വിമാനങ്ങൾ യാഥാർത്ഥ്യമാക്കുകയാണ് ലക്ഷ്യമെന്ന് കമ്പനി അധികൃതർ പറയുന്നു.

സ്വർണവില കുതിച്ചുയരുന്നു

തൃശൂർ; സംസ്ഥാനത്ത് സ്വർണവില വീണ്ടും വർധിച്ചു. ഒരു ഇടവേളയ്ക്ക് ശേഷം സ്വർണവില വീണ്ടും 59,000 കടന്നു. ഇന്ന് 400 രൂപ വർധിച്ചതോടെയാണ് ഒരു പവൻ സ്വർണത്തിന്റെ വില 59000 കടന്ന് കുതിച്ചത്.

മുല്ലപ്പെരിയാർ: പുതിയ മേൽനോട്ടസമിതിയായി

അധ്യക്ഷൻ ഡാം സേഫ്റ്റി അതോറിറ്റി ചെയർമാൻ

ന്യൂഡൽഹി: മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷാകാര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ദേശീയ ഡാം സുരക്ഷാ അതോറിറ്റിക്ക് കൈമാറി. അണക്കെട്ടുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഗണിക്കാൻ പുതിയ മേൽനോട്ട സമിതിയും കേന്ദ്രം രൂപവത്കരിച്ചു. ദേശീയ ഡാം സുരക്ഷാ അതോറിറ്റി ചെയർമാനാണ് സമിതിയുടെ പുതിയ അധ്യക്ഷൻ.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ ഉൾപ്പെടെയുള്ള വിഷയങ്ങൾ ഡാം സുരക്ഷാ അതോറിറ്റിക്ക് കൈമാറുമെന്ന് നേരത്തെ കേന്ദ്ര ജല കമ്മിഷൻ സുപ്രീം കോടതിയെ അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഡാം സുരക്ഷാ അതോറിറ്റിക്ക് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷാ കാര്യങ്ങൾ കൈമാറിക്കൊണ്ടുള്ള ഉത്തരവ് കേന്ദ്ര ജലശക്തി മന്ത്രാലയം പുറത്തിറക്കിയിരിക്കുന്നത്.

നിലവിലുണ്ടായിരുന്ന മുല്ലപ്പെരിയാർ മേൽനോട്ട സമിതി പിരിച്ചുവിടുകയും പുതിയ മേൽനോട്ടസമിതിക്ക് രൂപം കൊടുക്കുകയും ചെയ്തു. നേരത്തെ മേൽനോട്ട സമിതിയുടെ അധ്യക്ഷൻ ജല കമ്മിഷന്റെ ചെയർമാൻ ആയിരുന്നു. ദേശീയ ഡാം സേഫ്റ്റി അതോറിറ്റിയുടെ ചെയർമാനായിരിക്കും പുതിയ മേൽനോട്ട സമിതിയുടെ അധ്യക്ഷനെന്നും കേന്ദ്ര ജലശക്തി മന്ത്രാലയം ഉത്തരവിൽ പറയുന്നു.

മേൽനോട്ട സമിതിയിൽ ഏഴ് അംഗങ്ങളുണ്ടായിരിക്കും. ഇതിൽ കേരളത്തിൽനിന്നും തമിഴ്നാട്ടിൽനിന്നുമുള്ള അഡീഷണൽ ചീഫ് സെക്രട്ടറിമാരും തമിഴ്നാട്ടിലെ കാവേരി സെല്ലിന്റെ ചെയർമാനും കേരളത്തിന്റെ ഇറിഗേഷൻ വകുപ്പു ചെയർമാനും അംഗമായിരിക്കും. ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ സെന്റർ ഫോർ എക്സലൻസിലെ ഒരു അംഗത്തിനെയും മേൽനോട്ടസമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷാ കാര്യങ്ങൾകൂടി കണക്കിലെടുത്താണ്, 2021 -ൽ പാർലമെന്റ് പാസാക്കിയ ഡാം സുരക്ഷാ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപവത്കരിക്കപ്പെട്ട ദേശീയ ഡാം സുരക്ഷാ അതോറിറ്റിക്ക് ഇപ്പോൾ അണക്കെട്ടുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും കൈമാറിയിരിക്കുന്നത്. സുപ്രീം കോടതിയിൽ കേരളം പലതവണ ആവശ്യപ്പെട്ട കാര്യമായിരുന്നു ഇത്.

നടൻ സെയ്ഫ് അലി ഖാന് കുത്തേറ്റ സംഭവം; മൂന്ന് ജീവനക്കാരെ ചോദ്യം ചെയ്യുന്നു

മുംബയ്: ബോളിവുഡ് നടൻ സെയ്ഫ് അലി ഖാന് കുത്തേറ്റ സംഭവത്തിൽ മൂന്ന് ജീവനക്കാരെ ചോദ്യം ചെയ്യുന്നു. സംഭവസമയത്ത് വീട്ടിൽ ഉണ്ടായിരുന്ന മൂന്ന് ജീവനക്കാരെയാണ് ചോദ്യം ചെയ്യുന്നത്. ഇന്ന് പുലച്ചെയാണ് നടന് കുത്തേറ്റത്. ബാന്ദ്രയിലെ വീട്ടിൽ എത്തിയ അജ്ഞാതനാണ് സെയ്ഫ് അലി ഖാനെ പല തവണ കുത്തി പരിക്കേൽപ്പിച്ചത്.

മോഷ്ടിക്കാനാണ് വീട്ടിൽ അതിക്രമിച്ച് കയറിയതെന്നാണ് വിവരം. മോഷണശ്രമമാണോയെന്ന് പൊലീസ് അന്വേഷിച്ച് വരികയാണ്. പരിക്കേറ്റ നടനെ മുംബയിലെ ലീലാവതി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സെയ്ഫ് അലി ഖാന് 6 മുറിവുകൾ ഉള്ളതായി ആശുപത്രി അധികൃതർ അറിയിച്ചു. ഇതിൽ രണ്ടെണ്ണം ആഴമുള്ളതാണ്. ഒരു മുറിവ് നട്ടെല്ലിന് അടുത്താണെന്നും അധികൃതർ വ്യക്തമാക്കി. നടന്റെ വീട്ടിൽ ജോലി ചെയ്യുന്ന മറ്റ് ചിലരെയും പൊലീസ് ചോദ്യം ചെയ്യും. സംഭവത്തിൽ നടന്റെ ടീം പ്രസ്താവന പുറത്തിറക്കിയിട്ടുണ്ട്.

'സെയ്ഫ് അലി ഖാന്റെ വസതിയിൽ മോഷണശ്രമം നടന്നു. നിലവിൽ ശസ്ത്രക്രിയയ്ക്ക് വിധേയനായി നടൻ ആശുപത്രിയിൽ കഴിയുകയാണ്. മാദ്ധ്യമങ്ങളും ആരാധകരും ക്ഷമയോടെയിരിക്കാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. പൊലീസാണ് കേസ് അന്വേഷിക്കുന്നത്. ബാക്കി കാര്യങ്ങൾ ഞങ്ങൾ അറിയിക്കാം',- പ്രസ്താവനയിൽ പറയുന്നു. സെയ്ഫ് അലി ഖാന് പരിക്കേൽക്കുമ്പോൾ ഭാര്യയും നടിയുമായ കരീന കപൂർ വീട്ടിൽ ഇല്ലായിരുന്നുവെന്നാണ് വിവരം. മകനും ജീവനക്കാരനുമൊപ്പമാണ് നടൻ ആശുപത്രിയിലെത്തിയത്.

ഇപി ജയരാജന്റെ ആത്മകഥാ വിവാദം; മുൻ പബ്ലിക്കേഷൻ മേധാവി അറസ്റ്റിൽ

കോട്ടയം: മുൻ എൽഡിഎഫ് കൺവീനറും സിപിഎം കേന്ദ്ര കമ്മിറ്റി അംഗവുമായ ഇപി ജയരാജന്റെ ആത്മകഥാ വിവരങ്ങൾ ചോർന്നതിന്റെ പേരിൽ ഡിസി ബുക്സ് മുൻ പബ്ലിക്കേഷൻ മേധാവി എവി ശ്രീകുമാർ അറസ്റ്റിൽ. കോട്ടയം ഈസ്റ്റ് പൊലീസാണ് ശ്രീകുമാറിന്റെ അറസ്റ്റ് രേഖപ്പെടുത്തിയത്.

'കട്ടൻചായയും പരിപ്പുവടയും ഒരു കമ്യൂണിസ്റ്റിന്റെ ജീവിത'മെന്ന പേരിൽ ആത്മകഥാ ഭാഗങ്ങൾ ശ്രീകുമാറിൽ നിന്നാണ് ചോർന്നതെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് അറസ്റ്റ്. അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം ശ്രീകുമാറിനെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടു.

പ്രസിദ്ധീകരിക്കുന്നതിന് മുമ്പേ പിഡിഎഫ് ഫയൽ പ്രചരിപ്പിച്ച സംഭവത്തിൽ ഡിസി ബുക്സിനെതിരെ പൊലീസ് നേരത്തെ കേസെടുത്തിരുന്നു. ഡിസി ബുക്സിന്റെ മുൻ പബ്ലിക്കേഷൻ മാനേജർ എവി ശ്രീകുമാറിനെ ഒന്നാം പ്രതിയാക്കിയായിരുന്നു കേസ് ഫയൽ ചെയ്തത്.

സംഭവത്തിൽ കേസെടുക്കാൻ ക്രമസമാധാന ചുമതലയുള്ള എഡിജിപി കോട്ടയം ജില്ലാ പൊലീസ് മേധാവിക്ക് നിർദേശം നൽകിയിരുന്നു. വിവാദത്തെ തുടർന്ന് എവി ശ്രീകുമാറിനെ ഡിസി ബുക്സ് നേരത്തേ സസ്പെൻഡ് ചെയ്തിരുന്നു.

'അമേരിക്കയിലേത് അപകടകരമായ അധികാരകേന്ദ്രീകരണം'; വിരമിക്കൽ പ്രസംഗത്തിൽ മുന്നറിയിപ്പ് നൽകി ബൈഡൻ

വാഷിങ്ടൺ: അമേരിക്കയുടെ 47-ാമത് പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് അധികാരമേൽക്കാനിരിക്കെ രാജ്യത്ത് വരാൻപോകുന്നത് 'അപകടകരമായ അധികാരകേന്ദ്രീകരണ'മാണെന്ന് മുന്നറിയിപ്പ് നൽകി പ്രസിഡന്റ് ജോ ബൈഡൻ. ബുധനാഴ്ച നടന്ന യാത്രയയപ്പ് ചടങ്ങിൽ നടത്തിയ പ്രസംഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അമേരിക്കയിലെ അതിസമ്പന്നരായ ഏതാനും ആളുകളുടെ കൈകളിലേയ്ക്ക് അപകടകരമായ വിധത്തിൽ അധികാരം കേന്ദ്രീകരിക്കുകയാണെന്ന് ബൈഡൻ ചൂണ്ടിക്കാട്ടി. അവരുടെ അധികാരദുർവിനിയോഗം നിയന്ത്രിക്കപ്പെട്ടില്ലെങ്കിൽ അപകടകരമായ പ്രത്യാഘാതങ്ങളുണ്ടാകുമെന്ന് ബൈഡൻ പറഞ്ഞു. 'അമേരിക്കയിൽ അതിരുകടന്ന സമ്പത്തിന്റെയും അധികാരത്തിന്റെയും സ്വാധീനത്തിലുള്ള ഒരു പ്രഭുവർഗം രൂപപ്പെടുകയാണ്. നമ്മുടെ ജനാധിപത്യത്തിനും അടിസ്ഥാന അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും അക്ഷരാർത്ഥത്തിൽ ഭീഷണി ഉയർത്തുന്നതാണത്', ബൈഡൻ വ്യക്തമാക്കി.

അതിസമ്പന്നരുടെ 'പ്രഭുവർഗം' രാജ്യത്ത് വേരുറപ്പിക്കുകയാണെന്നും അമേരിക്കക്കാരുടെ അവകാശങ്ങളെയും ജനാധിപത്യത്തിന്റെ ഭാവിയെയും അപകടത്തിലാക്കുന്ന 'ടെക്-ഇൻഡസ്ട്രിയൽ കോംപ്ലക്സ്' ആണ് അതെന്നും ജോ ബൈഡൻ അഭിപ്രായപ്പെട്ടു. പ്രസിഡന്റിന്റെ ഓഫീസ് ആയ ഓവൽ ഓഫീസിൽ സംസാരിക്കവെയാണ് ചുരുക്കം ചിലർക്കിടയിൽ അധികാരവും സമ്പത്തും കുമിഞ്ഞുകൂടുന്നതിനെക്കുറിച്ചുള്ള തന്റെ ആശങ്കകൾ ബൈഡൻ പങ്കുവെച്ചത്.

അമേരിക്കയുടെ 34-ാമത് പ്രസിഡന്റ് ആയിരുന്ന ഡ്വൈറ്റ് ഐസൻഹോവർ 1961-ൽ വിരമിക്കവെ മിലിറ്ററി ഇൻഡസ്ട്രിയൽ കോംപ്ലക്സിനെ കുറിച്ച് നൽകിയ മുന്നറിയിപ്പുകളെപ്പറ്റിയും ജോ ബൈഡൻ പരാമർശിച്ചു. നമ്മുടെ രാജ്യത്തിന് അപകടങ്ങൾ സൃഷ്ടിച്ചേക്കാവുന്ന ഒരു ടെക് ഇൻഡസ്ട്രിയൽ കോംപ്ലക്സിന്റെ ഉയർച്ചയെക്കുറിച്ച് എനിക്ക് ആശങ്കയുണ്ട്, രാജ്യത്തെ അഭിസംബോധന ചെയ്യവെ അദ്ദേഹം പറഞ്ഞു.

സ്പേസ്എക്സ്, ടെസ്ല എന്നിവയുടെ മേധാവിയായ ഇലോൺ മസ്ക് അടക്കമുള്ള ലോകത്തിലെ ഏറ്റവും ധനികരായ ചില വ്യക്തികളും ടെക് വ്യവസായ പ്രമുഖരും ഡൊണാൾഡ് ട്രംപിനെ പിന്തുണച്ചിരുന്നു. തിരഞ്ഞെടുപ്പിൽ ട്രംപിനെ തിരഞ്ഞെടുക്കാനായി ഇലോൺ മസ്ക് 100 മില്യൺ ഡോളറിലധികം ചെലവഴിച്ചുവെന്നാണ് റിപ്പോർട്ടുകൾ. തിങ്കളാഴ്ചയാണ് അമേരിക്കൻ പ്രസിഡന്റായി ട്രംപ് സത്യപ്രതിജ്ഞ ചെയ്യുക.

ചരിത്രം കുറിച്ച് ഇന്ത്യയും ഐഎസ്ആർഒയും: സ്പേസ് ഡോക്കിംഗ് പൂർണ വിജയം

ന്യൂഡൽഹി: ചരിത്രം കുറിച്ച് ഇന്ത്യയും ഐഎസ്ആർഒയും. ബഹിരാകാശത്ത് ഉപഗ്രഹങ്ങളെ കൂട്ടിയോജിപ്പിക്കുന്ന സ്പേസ് ഡോക്കിംഗ് എക്സിപിരിമെന്റ് (സ്പെഡെക്സ്) വിജയകരമായി പൂർത്തിയാക്കി. നാലാം ഘട്ടത്തിലാണ് ഉപഗ്രഹങ്ങളെ ഭൂമിയുടെ ഭ്രമണപഥത്തിൽ വച്ച് കൂട്ടിയോജിപ്പിക്കുന്ന ഡോക്കിംഗ് പരീക്ഷണം പൂർണമായും വിജയിച്ചത്. ദൗത്യം വിജയകരമായെന്ന ഔദ്യോഗിക പ്രഖ്യാപനം ഉടനുണ്ടാവും. ഇതോടെ സ്പേസ് ഡോക്കിംഗ് നടത്തുന്ന നാലാമത്തെ രാജ്യമായി ഇന്ത്യ മാറി. റഷ്യ, അമേരിക്ക, ചൈന എന്നീ രാജ്യങ്ങൾക്ക് മാത്രമാണ് സ്പേസ് ഡോക്കിംഗ് സാങ്കേതിക വിദ്യ ഇതുവരെ ഉണ്ടായിരുന്നത്.

ഇന്ന് രാവിലെയാണ് സ്പെഡെക്സ് ദൗത്യത്തിലെ ചേസർ, ടാർഗറ്റ് ഉപഗ്രഹങ്ങളെ ബഹിരാകാശത്ത് വച്ച് കൂട്ടിയോജിപ്പിച്ചത്. കഴിഞ്ഞ ഞായറാഴ്ച ഉപഗ്രഹങ്ങളെ മൂന്നുമീറ്റർ അകലത്തിൽ വരെ വിജയകരമായി എത്തിച്ചിരുന്നു. തുടർന്ന് പരീക്ഷണം ഇന്നത്തേക്ക് മാറ്റുകയായിരുന്നു. നേരത്തേ നടത്തിയ പരീക്ഷണ ഘട്ടങ്ങളിൽ കണ്ടെത്തിയ എല്ലാ പിഴവുകളും തിരുത്തിയാണ് ഇന്ന് ഉപഗ്രഹങ്ങളെ വിജയകരമായി കൂട്ടിയോജിപ്പിച്ചത്. ഇക്കഴിഞ്ഞ ഡിസംബർ മുപ്പതിനായിരുന്നു പിഎസ്എൽവി റോക്കറ്റിൽ ചേസർ, ടാർഗറ്റ് എന്നീ ഉപഗ്രഹങ്ങൾ ബഹിരാകാശത്തേക്ക് എത്തിച്ചത്.

ഇന്ത്യയുടെ സ്വന്തം ബഹിരാകാശ നിലയമായ ഭാരതീയ അന്തരീക്ഷ സ്റ്റേഷൻ അടക്കമുള്ള പദ്ധതികൾക്ക് അനിവാര്യമായ സാങ്കേതികവിദ്യയാണ് സ്പേസ് ഡോക്കിംഗ്. ഇതിനൊപ്പം ഗഗൻയാൻ, ചന്ദ്രയാൻ-4 പദ്ധതികൾക്കും വലിയ മുതൽക്കൂട്ടാവും ഇന്നത്തെ ചരിത്ര വിജയം. ഡോക്കിംഗ് സാങ്കേതിക ഇന്ത്യ സ്വന്തമായി വികസിപ്പിച്ചതാണ്. ഇതിന് ഭാരതീയ ഡോക്കിംഗ് സിസ്റ്റം എന്ന പേരിൽ പേറ്റന്റും എടുത്തിട്ടുണ്ട്. ഏറ്റവും കുറഞ്ഞ ചെലവിലാണ് ഇന്ത്യം ലക്ഷ്യം നേടിയതെന്നാണ് റിപ്പോർട്ട്.

"മൃതദേഹം അഴുകിയിരുന്നില്ല; വായ വല്ലാതെ തുറന്ന് നാക്ക് കറുത്ത നിലയിലായിരുന്നു ഗോപൻ സ്വാമി"

തിരു : നെയ്യാറ്റിൻകരയിൽ സമാധിയിരുത്തിയ ഗോപൻ സ്വാമിയുടെ മൃതദേഹം അഴുകിയ നിലയിൽ ആയിരുന്നില്ലെന്ന് നെയ്യാറ്റിൻകര കൗൺസിലർ പ്രസന്ന കുമാർ. സമാധി പൊളിച്ച് മൃതദേഹം പുറത്തെടുത്തത് ജനപ്രതിനിധി എന്ന നിലയിൽ പ്രസന്ന കുമാറിന്റെ കൂടി സാന്നിദ്ധ്യത്തിലായിരുന്നു.

"സമാധിയുടെ മുകൾ ഭാഗത്ത് സ്ളാബാണ് ആദ്യം ഇളക്കിയത്. തുടർന്ന് അകത്ത് മുൻ വശത്തായി മൂന്ന് സ്ളാബുകൾ ഉണ്ടായിരുന്നു. ഓരോന്നായി ഇളക്കി മാറ്റി. ഇഷ്ടിക കൊണ്ടാണ് നിർമ്മിച്ചിരുന്നത്. അതിനകത്താണ് മൃതദേഹമുണ്ടായിരുന്നത്. കഴുത്തറ്റം വരെ ഭസ്മം മൂടിയിരുന്നു. ഇരിക്കുന്ന നിലയിലാണ് മൃതദേഹം കാണപ്പെട്ടത്. കല്ലറിയിലാകെ കർപ്പൂരത്തിന്റെ ഗന്ധമായിരുന്നു. മുഖം തിരിച്ചറിയാൻ കഴിയുന്ന നിലയിൽ തന്നെയാണ്. തുണി കൊണ്ട് ശരീരം മുഴുവൻ പുതച്ചിരുന്നു. ശരീരം അഴുകിയിരുന്നില്ല. എന്നാൽ വായ മാത്രം വല്ലാതെ തുറന്നിരുന്നു. നാക്ക് കറുത്ത നിലയിലുമായിരുന്നു."-പ്രസന്ന കുമാർ പറയുന്നു.

പുറത്തെടുത്ത മൃതദേഹം ടേബിളിൽ കിടത്തി ഇൻക്വസ്റ്റ് നടത്തിയ ശേഷമാണ് പോസ്റ്റ് മോർട്ടത്തിനായി മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയത്. മരണത്തിൽ എന്തെങ്കിലും അസ്വാഭാവികത ഉണ്ടോ എന്ന് അറിയാനുള്ള ഫൊറൻസിക് പരിശോധന ഇനി നടക്കാനുണ്ട്.

സംഘർഷസാദ്ധ്യത കണക്കിലെടുത്ത് രണ്ട് ഡിവൈഎസ്പിമാരുടെ നേതൃത്വത്തിൽ വൻ പൊലീസ് സന്നാഹം പുലർച്ചെതന്നെ സ്ഥലത്ത് എത്തിയിരുന്നു. ജില്ലാ ഭരണകൂടമാണു കാര്യങ്ങൾ ഏകോപിപ്പിച്ചത്. കല്ലറയിലേക്കുള്ള വഴി രാവിലെത്തന്നെ അടച്ചിരുന്നു. തുടർന്ന് പൊതുജങ്ങളേയോ മാദ്ധ്യമങ്ങളെയോ ഇവിടേക്ക് പ്രവേശിപ്പിച്ചില്ല. ടാർപോളിൻ ഉപയോഗിച്ച് കല്ലറ മറച്ചതിനു ശേഷമാണ് മേൽമൂടി തുറന്നത്.

കലാമണ്ഡലത്തിൽ അസി. പ്രൊഫസറായി ആർ.എൽ.വി. രാമകൃഷ്ണൻ

തൃശ്ശൂർ: കലാമണ്ഡലത്തിന്റെ ചരിത്രത്തിലെ ആദ്യത്തെ മലയാളി ഭരതനാട്യ അധ്യാപകനായി ആർ.എൽ.വി. രാമകൃഷ്ണൻ. ഭരതനാട്യം വിഭാഗം അസി. പ്രൊഫസറായി ഇന്ന് അദ്ദേഹം ജോലിയിൽ പ്രവേശിച്ചു. വലിയ അഭിമാനവും സന്തോഷവുമുണ്ടെന്ന് അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.

'വളരെയധികം സന്തോഷമുണ്ട്. കലാമണ്ഡലത്തിന്റെ ആരംഭസമയത്ത് ചെന്നൈയിൽനിന്നുള്ള എ.ആർ.ആർ. ഭാസ്കർ, രാജരത്നം മാസ്റ്റർ എന്നിവരായിരുന്നു നൃത്താധ്യാപകരായി ഉണ്ടായിരുന്നത്. അവർക്കുശേഷം നൃത്തവിഭാഗത്തിൽ അധ്യാപകനായി ജോലി ലഭിക്കുക എന്നുള്ളത് സൗഭാഗ്യകരമായായ കാര്യമായാണ് കാണുന്നത്,'ആർ.എൽ.വി. രാമകൃഷ്ണൻ മാധ്യമങ്ങളോട് പറഞ്ഞു.

1996-മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിൽ മോഹിനിയാട്ട കളരിയിൽ പഠിച്ച ആർ.എൽ.വി. രാമകൃഷ്ണൻ നാല് വർഷത്തെ ഡിപ്ലോമയും പോസ്റ്റ് ഡിപ്ലോമയും കരസ്ഥമാക്കിയിട്ടുണ്ട്. എം.ജി. യൂണിവേഴ്സിറ്റിയിൽനിന്ന് എംഎ മോഹിനിയാട്ടം ഒന്നാം റാങ്കോടെ പാസ്സായി. കേരള കലാമണ്ഡലത്തിൽ നിന്ന് പെർഫോമിങ്ങ് ആർട്സിൽ എംഫിൽ ടോപ്പ് സ്കോറർ ആയിരുന്ന രാമകൃഷ്ണൻ കലാമണ്ഡലത്തിൽ നിന്നുതന്നെയാണ് പി.എച്ച്.ഡി. പൂർത്തിയാക്കിയത്. നെറ്റ് യോഗ്യത നേടിയിട്ടുണ്ട്.

ദൂരദർശൻ കേന്ദ്രം എ ഗ്രേഡഡ് ആർട്ടിസ്റ്റായി തിരഞ്ഞെടുക്കപ്പെട്ട ഇദ്ദേഹം 15 വർഷത്തിലധികമായി കാലടി സംസ്കൃത സർവ്വകലാശാലയിലും ആർ.എൽ.വി കോളേജിലും മോഹിനിയാട്ട വിഭാഗം ഗസ്റ്റ് ലക്ചററായും സേവനം അനുഷ്ഠിച്ചു.

2022-24 കാലയളവിലാണ് എംഎ ഭരതനാട്യപഠനം പൂർത്തിയാക്കിയത്. അന്തരിച്ച നടൻ കലാഭവൻ മണിയുടെ സഹോദരൻ കൂടിയാണ് ആർ.എൽ.വി രാമകൃഷ്ണൻ.

കാലിക്കറ്റ് സർവകലാശാല കാംപസിലെ വിദ്യാർഥി യൂണിയൻ ഓഫീസ് അടിച്ചുതകർത്തു; യു ഡി എസ് എഫ് പ്രവർത്തകർക്കെതിരെ കേസ്

കോഴിക്കോട്: കാലിക്കറ്റ് സർവകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ (ഡി.എസ്.യു) ഓഫീസ് അടിച്ചുതകർത്തതിൽ 6 യു.ഡി.എസ്.എഫ്. പ്രവർത്തകർക്കെതിരെ തേഞ്ഞിപ്പലം പോലീസ് കേസെടുത്തു. നരഹത്യാശ്രമം (ബി.എൻ.എസ് 110) ഉൾപ്പടെയുള്ള വകുപ്പുകൾ ചേർത്താണ് കേസ്. ബുധനാഴ്ച രാത്രിയാണ് ഒരു സംഘം യു.ഡി.എസ്.എഫ് പ്രവത്തകർ ചേർന്ന് ഓഫീസിൽ അക്രമം നടത്തിയത്. എസ്.എഫ്.ഐ. പ്രവർത്തകർ നൽകിയ പരാതിയിലാണ് കേസ് എടുത്തത്.

എസ്.എഫ്.ഐ. യൂണിറ്റ് സമ്മേളനത്തിന്റെ ഭാഗമായി കാംപസിനകത്ത് രക്തസാക്ഷികളുടെ ബോർഡുകൾ സ്ഥാപിച്ചിരുന്നു. ഈ ബോർഡിലെ 'കൊന്നതാണ്' എന്ന പരാമർശമാണ് പ്രശ്നങ്ങളുടെ തുടക്കമെന്നാണ് വിദ്യാർഥികളിൽനിന്ന് ലഭിക്കുന്നവിവരം. ഇതിൽ പ്രകോപിതരായ എം.എസ്.എഫ്. പ്രവർത്തകർ അരിയിൽ ഷുക്കൂറിന്റെ ബോർഡ് വെച്ചെന്നും ഇതിന് മറുപടിയായി എസ്.എഫ്.ഐ. വീണ്ടും ബോർഡുകൾ സ്ഥാപിച്ചതോടെ പ്രകോപിതരായ യു.ഡി.എസ്.എഫ്. പ്രവർത്തകർ ഡി.എസ്.യു. ഓഫീസ് അടിച്ചുതകർത്തെന്നുമാണ് എസ്.എഫ്.ഐ.യുടെ ആരോപണം.

സംഭവത്തിന് പിന്നാലെ എസ്. എഫ്.ഐ. നേതാവ് പി.എം. ആർഷോ അക്രമത്തിന്റെ ദൃശ്യങ്ങൾ സഹിതം ഫെയ്സ്ബുക്കിൽ കുറിച്ച വാക്കുകളും വലിയ ചർച്ചയാകുന്നുണ്ട്. തിരിച്ചുകിട്ടുമ്പോൾ എസ്.എഫ്.ഐ. ഫാസിസം എന്ന് പറഞ്ഞ് നിലവിളിക്കാൻ എം.എസ്.എഫ്. പ്രവർത്തകർ ഇവിടെതന്നെ കാണണമെന്നായിരുന്നു ആർഷോയുടെ ഫെയ്സ്ബുക്ക് പോസ്റ്റ്.

മരിച്ചത് ഉത്തർപ്രദേശ് സ്വദേശി

രാമവർമ്മപുരം : ചിൽഡ്രൻസ് ഹോമിൽ തലയ്ക്കടിയേറ്റ് കൊല്ലപ്പെട്ടത് ഉത്തർപ്രദേശ് സ്വദേശി. ഇരിങ്ങാലക്കുടയിൽ നിന്ന് രാമവർമ്മപുരത്ത് എത്തിയത് ഒരു മാസം മുൻപ്. കൊല നടത്തിയ 15 കാരൻ തളിക്കുളം സ്വദേശി. കൊലപാതക സമയത്ത് ചിൽഡ്രൻസ് ഹോമിൽ ഡ്യൂട്ടിയിൽ രണ്ട് കെയർടേക്കർമാർ.

മാല കവർന്നു

മണ്ണുത്തി: കൊഴുക്കുള്ളിയിൽ ബൈക്കിലെത്തിയ രണ്ടംഗ സംഘം വീട്ടമ്മയുടെ മാല കവർന്നു. കൊഴുക്കുള്ളി സ്വദേശിനി ശാന്തയുടെ രണ്ടര പവന്റെ മാലയാണ് കവർന്നത്. ക്ഷേത്ര ദർശനം കഴിഞ്ഞ് നടന്ന് വരുന്നതിനിടെയാണ് സംഭവം.

കോടതി പരസ്യം

ബഹു. വടക്കാഞ്ചേരി മുൻസിഫ് കോടതി മുമ്പാകെ

OS: 269/2023

താഴപ്ര ദേശത്ത് വെട്ടിക്കാട്ടിരി പി ഒ, പിൻകോഡ്-679531 പടിഞ്ഞാറകുന്നത്ത് അലവി ഭാര്യ 59 വയസ് റാഫിയ, മൊബൈൽ-9947714661

-അന്യായം

തൃശൂർ ജില്ല തലപ്പിള്ളി താലൂക്ക് നെടുമ്പുര വില്ലേജ് താഴപ്ര ദേശത്ത്, വെട്ടിക്കാട്ടിരി പി ഒ. പിൻകോഡ-679531 ഒറ്റപ്പാലം വീട്ടിൽ മൊയ്തുണ്ണി മകൻ സുമാർ 80 വയസ് കുഞ്ഞുമുഹമ്മദ്

-പ്രതി

മേൽനമ്പറിൽ പ്രതിക്കുള്ള സമൻസ് കല്പന പത്രത്തിൽ പരസ്യം ചെയ്യുവാനും പതിച്ചുനടത്തുവാനും കല്പിച്ച് മേൽ നമ്പർ കേസ് **27-01-2025** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉള്ളവർ ടി ദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നേരിട്ടോ വക്കീൽ മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം പ്രതിയെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 6-1-2025

അന്യായഭാഗം അഡ്വക്കേറ്റ്

P C ELDON (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ റെന്റ് കൺട്രോൾ കോടതി മുമ്പാകെ

RCP: 38/2021

1) ഗോപാലൻ etc

- ഹരജിക്കാർ

3) വാസന, 40 വയസ, W/o. Late പ്രവീൺ, കന്നത്താവലി ഹൗസ്, പി ഒ., തിരുവമ്പാടി, തൃശൂർ

-3-ാം എതൃകക്ഷി

മേൽ നമ്പറിൽ 3-ാം എതൃകക്ഷിക്കുള്ള നോട്ടീസ് ടിയാരിയുടെ വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് വിചാരണക്കായി **24-01-2025** തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കേരള രാജ്യാന്തര ഊർജ മേള – ഓൺലൈൻ മെഗാ ക്വിസ് ഒന്നാം സമ്മാനം ഒരു ലക്ഷം രൂപ

തൃശൂർ: എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 2025 ഫെബ്രുവരി 7,8,9 തീയതികളിൽ തിരുവനന്തപുരത്ത് നടക്കുന്ന ഇന്റർനാഷണൽ എനർജി ഫെസ്റ്റിവലിനോടനുബന്ധിച്ച് മെഗാക്വിസ് മത്സരം സംഘടിപ്പിക്കും.

എല്ലാ പ്രായത്തിലും ഉള്ളവർക്ക് മത്സരിക്കാൻ സാധിക്കുന്ന മെഗാക്വിസിൽ ക്യൂ ആർ കോഡ് സ്കാൻ ചെയ്തോ, www.quiz.iefk.in എന്ന പോർട്ടലിലൂടെയോ മത്സരാർത്ഥികൾക്ക് രജിസ്ട്രേഷൻ പൂർത്തീകരിക്കാവുന്നതാണ്. ആദ്യഘട്ട മത്സരം ഓൺലൈനായി ഫെബ്രുവരി 2 വൈകീട്ട് 3 മണിക്ക് നടക്കും. ആദ്യഘട്ട മത്സര വിജയികൾ ഫെബ്രുവരി 9 ന് ഐ ഇ എഫ് കെ വേദിയിൽ വെച്ച് നടക്കുന്ന ഗ്രാന്റ് ഫിനാലെയിലേക്ക് യോഗ്യത നേടും. പ്രശസ്തിപത്രം, ഫലകം എന്നിവയോടൊപ്പം ഒന്നാം സമ്മാനമായി ഒരു ലക്ഷം രൂപയും രണ്ടാം സമ്മാനമായി 50,000 രൂപയും മൂന്നാം സമ്മാനമായി 25,000 രൂപയും വിജയികൾക്ക് ലഭിക്കും.കൂടാതെ നിരവധി പ്രോത്സാഹന സമ്മാനങ്ങളും മറ്റ് വിജയികൾക്ക് ലഭിക്കും.രജിസ്ട്രേഷനുള്ള അവസാന തീയതി 2025 ജനു. 26.

ദ്വിദിനശില്പശാല

തൃശൂർ :– ഗവ. ഡെന്റൽ കോളേജ് തൃശൂർ ഓർത്തോഡോന്റ്റിക്സ് വിഭാഗം സംഘടിപ്പിച്ച ദ്വിദിന പരിശീലനശാല (വർക്ക്ഷോപ്പ് ഗവ. മെഡിക്കൽ കോളേജ് അലുമിനി ഓഡിറ്റോറിയത്തിൽ ജനുവരി 14ന് തുടക്കമായി. ഓർത്തോഡോന്റ്റിക്സ് വിഭാഗം തലവൻ ഡോ. ഏൽബി പീറ്റർ – ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'ortho- artistry' എന്ന പരിപാടിയിൽ 'wire bending from start to finish and beyond ' എന്ന വിഷയത്തിൽ പ്രമുഖ പ്രഭാഷകനായ ഡോ. മഞ്ജുനാഥ് ഹെഗ്ഡേ സംസാരിച്ചു. ഡെന്റൽ കോളേജ് പ്രിൻസിപ്പാൾ ഡോ. ഷമീന. പി. എം, മുഖ്യാതിഥി ഡോ. എസ്. അനിൽ കുമാർ (കൺട്രോളർ ഓഫ് എക്സാമിനേഷൻ KUHS), വിശിഷ്ടാതിഥി ഡോ. അശോകൻ. എൻ (പ്രിൻസിപ്പാൾ ഗവ. മെഡിക്കൽ കോളേജ് തൃശൂർ), ഡോ. ജയകുമാർ (HOD, OMFS) എന്നിവർ പ്രസംഗിച്ചു. ഡോ. ശ്രീഹരി. എസ് (അസോസിയേറ്റ് പ്രൊഫസർ,ഓർത്തോഡോന്റ്റിക്സ്) നന്ദി പ്രകാശിപ്പിച്ചു. നിരവധി കോളേജുകളിൽ നിന്നുള്ള 45 യുവ ഡോക്ടർമാർ പങ്കെടുത്തു. ശില്പശാല ജനുവരി 15 ന് വിജയകരമായി സമാപിച്ചു.

എൻ.എസ്.എസ്. വിവാഹപൂർവ കൗൺസിലിംഗ് ശനിയും ഞായറും

മുകുന്ദപുരം: താലൂക്ക് എൻ.എസ്.എസ്. യൂണിയന്റെ ആഭിമുഖ്യത്തിൽ വിവാഹപൂർവ കൗൺസിലിംഗ് അടുത്ത ശനി, ഞായർ ദിവസങ്ങളിൽ നടക്കും. ഇരിഞ്ഞാലക്കുട കളത്തുംപടി ക്ഷേത്രത്തിനു സമീപമുള്ള ശ്രീ സംഗമേശ്വര ഹാളിലാണ് ദ്വിദിന കൗൺസിലിംഗ്.

മനശ്ശാസ്ത്രവിദഗ്ധൻ ഡോ. ജയപ്രകാശ്, ഡോക്ടർ ബി. രാജീവ്, സാമ്പത്തികവിദഗ്ധനും വടക്കാഞ്ചേരി ശ്രീവ്യാസ കോളജ് കൊമേഴ്സ് വിഭാഗം മേധാവിയുമായ ഡോ. സി.സനേഷ്, സനാതനധർമപ്രഭാഷകൻ ഒ.എസ്. സതീഷ് മുതിർന്ന ദൃശമാദ്ധ്യമപ്രവർത്തകൻ ആർ.ബാലകൃഷ്ണൻ തുടങ്ങിയവരാണ് വിവിധ സെഷനുകൾ നയിക്കുക.

വൈവാഹികജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ലോകമെമ്പാടും വളരെ വേഗം പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ചെറുപ്പക്കാർക്ക് ശാസ്ത്രീയവും സാംസ്കാരികവുമായ അവബോധം നൽകാനുതകുന്ന സെഷനുകളാണ് രണ്ടു ദിവസവും അവതരിപ്പിക്കുക

ഇനിയും രജിസ്റ്റർ ചെയ്തിട്ടില്ലാത്ത യുവതീയുവാക്കൾക്ക് 750രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം കരയോഗം സെക്രട്ടറിമാർ മുഖേനയോ യൂണിയൻ ഓഫീസിൽ നേരിട്ടോ പ്രവേശനം നേടാവുന്നതാണെന്ന് എൻ.എസ്.എസ്. താലൂക്ക് യൂണിയൻ സെക്രട്ടറി എസ്. കൃഷ്ണകുമാർ വാർത്താക്കുറിപ്പിൽ അറിയിച്ചു.

അനുസ്മരണ യോഗം

ഇരിങ്ങാലക്കുട : ആധുനിക സാങ്കേതികവിദ്യയുടെ സൗകര്യങ്ങൾ ഇല്ലാത്ത കാലത്തും പത്രപ്രവർത്തനത്തോടും സമൂഹത്തിനോടും അഗാധമായ പ്രതിബദ്ധത പുലർത്തിയ വ്യക്തി ആയിരുന്നു മൂർക്കനാട് സേവ്യറെന്ന് കഥകളി ആചാര്യൻ സദനം കൃഷ്ണൻകുട്ടി അഭിപ്രായപ്പെട്ടു. ഇരിങ്ങാലക്കുട പ്രസ്സ് ക്ലബിന്റെ നേതൃത്വത്തിൽ ശക്തി സാംസ്കാരിക വേദിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച 18-മത് മൂർക്കനാട് സേവ്യർ അനുസ്മരണ യോഗത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വാർത്താ ശേഖരണത്തിനായി മൂർക്കനാട് സേവ്യർ നടത്തിയ ശ്രമങ്ങളും ത്യാഗങ്ങളും പുതിയ തലമുറ തിരിച്ചറിയേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. പ്രസ്സ് ക്ലബിൽ നടന്ന ചടങ്ങിൽ ക്ലബ് പ്രസിഡണ്ട് പി ശ്രീനിവാസൻ അധ്യക്ഷത വഹിച്ചു. ശക്തി സാംസ്കാരിക വേദി പ്രസിഡണ്ട് ഉണ്ണികൃഷ്ണൻ കിഴുത്താണി, പി കെ ഭരതൻമാസ്റ്റർ , ഡോ സി കെ രവി എന്നിവർ അനുസ്മരണ പ്രഭാഷണങ്ങൾ നിർവഹിച്ചു. കെ ഹരി , കാറളം രാമചന്ദ്രൻ നമ്പ്യാർ, ജോസ് മഞ്ഞില, വി ആർ രഞ്ജിത്ത് മാസ്റ്റർ, എം എസ് ദാസൻ തുടങ്ങിയവർ സംസാരിച്ചു. ക്ലബ് സെക്രട്ടറി നവീൻ ഭഗീരഥൻ സ്വാഗതവും ജോയിന്റ് സെക്രട്ടറി മൂലയിൽ വിജയകുമാർ നന്ദിയും പറഞ്ഞു.

ജില്ലാ കിഡ്സ് അത്‌ലറ്റിക്സ് സെന്റെ എലിസബത്ത് ചാമ്പ്യന്മാർ

തൃശ്ശൂർ: തൃശ്ശൂർ ജില്ല അത്‌ലറ്റിക്സ് അസോസിയേഷന്റെ നേതൃത്വത്തിൽ കുര്യച്ചിറ സെൻറ് പോൾസ് പബ്ലിക് സ്കൂളിൽ നടന്ന അഞ്ചാമത് തൃശൂർ ജില്ല കിഡ്സ് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ സെന്റെ എലിസബത്ത് സ്കൂൾ പൊങ്ങണംകാട് ചാംപ്യൻമാരായി. രണ്ട് ദിവസമായി നടന്ന ചാമ്പ്യൻഷിപ്പിൽ ഏകദേശം 1200 കുട്ടികൾ തൃശ്ശൂർ ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നായി പങ്കെടുത്തു. 4 മുതൽ 12 വയസ് വരെയുള്ള ഭാവി കായിക പ്രതിഭകളുടെ മൽസരങ്ങൾ അത്യന്തം ആവേശകരമായിരുന്നു. സമ്മാനദാനം ഇന്ത്യൻ ബാസ്കറ്റ്ബോൾ കോച്ച് പി സി ആൻറണി നിർവഹിച്ചു. അസോസിയേഷൻ പ്രസിഡണ്ട് പ്രൊഫ. ഈ യു രാജൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ഡോ. ഹരിദയാൽ കെ എസ്, സംസ്ഥാന അസോസിയേഷൻ വൈസ് പ്രസിഡണ്ട് ഡോ.സ്റ്റാലിൻ റാഫേൽ, സെൻറ് പോൾസ് പബ്ലിക് സ്കൂളിലെ പ്രിൻസിപ്പാൾ സിസ്റ്റർ സീലിയ, ജില്ലാ അസോസിയേഷൻ ട്രഷറർ ഹേമലത, കിഡ്സ് അത്‌ലറ്റിക്സ് ഭാരവാഹികളായ സുധീർ പി.എം, ഖാദർമോൻ എൻ ടി, അനിൽകുമാർ സി എ, റോൺ എന്നിവർ പ്രസംഗിച്ചു.

ഓവറോൾ ചാംപ്യൻഷിപ്പിൽ സെന്റെ എലിസബത്ത് സ്കൂൾ പൊങ്ങണംകാട് 1451 യിന്റോടെ ഒന്നാം സ്ഥാനവും, ശ്രീ ഗോകുലം പബ്ലിക് സ്കൂൾ, പഴുവിൽ 684 പോയിന്റോടെ രണ്ടാം സ്ഥാനവും, ഐഡിയൽ പബ്ലിക് സ്കൂൾ, ചിറ്റിലപ്പിള്ളി 609 പോയിന്റോടെ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

തൃശ്ശൂർ ജില്ലയിലെ മികച്ച വനിത ക്ഷീരകർഷക അവാർഡ് ഷൈനി ഗോപു നന്തിലത്തിന്

തൃശ്ശൂർ: ജില്ലയിലെ മികച്ച വനിത ക്ഷീരകർഷകയായി ഷൈനി ഗോപു നന്തിലത്തിനെ തിരഞ്ഞെടുത്തു. തെക്കുടൻ ബസാർ എസ്.ബി. അവന്യൂ കൺവെൻഷൻ സെന്ററിൽ നടന്ന ക്ഷീര സംഗമത്തിൽ വച്ച് ജില്ലയിലെ ഏറ്റവും കൂടുതൽ പാൽ (1,32,712 ലിറ്റർ) അളന്ന ക്ഷീരകർഷകയ്ക്കുള്ള അവാർഡ് തുകയായ 10,000 രൂപയും ഫലകവും ഷൈനി ഗോപു നന്തിലത്ത് മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയിൽ നിന്നും ഏറ്റുവാങ്ങി. നന്തിലത്തിന്റെ സ്വന്തം ഫാമിലെ അത്യുത്പാദനശേഷിയുള്ള 150 കറവപ്പശുക്കളിൽനിന്നായി പ്രതിദിനം പാൽ സംഭരിക്കുന്നുണ്ട്. ഇതിനുപുറമേ, മൂന്നേക്കറിൽ വ്യാപിച്ചുകിടക്കുന്ന തീറ്റപ്പുൽകൃഷിത്തോട്ടവുമുണ്ട്. സംയോജിത കൃഷിരീതി അവലംബിച്ചിരിക്കുന്ന നന്തിലത്ത് ഫാമിൽ പശുക്കളെക്കൂടാതെ ആട്, കോഴി, താറാവ്, മത്സ്യം, ആന എന്നിവയെയും പരിപാലിക്കുന്നുണ്ട്.

സെന്റ് ജോസഫ്സ് കോളേജ് ഫിസിക്സ് വിഭാഗം ഇ-മാലിന്യ ശേഖരണ പരിപാടി

ഇരിഞ്ഞാലക്കുട: സെന്റ് ജോസഫ്സ് കോളേജ്, ഫിസിക്സ് വിഭാഗം ജനുവരി 22-നു ഇ-മാലിന്യ ശേഖരണ പരിപാടി സംഘടിപ്പിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശരിയായ കൈമാറ്റം ഉറപ്പാക്കുന്നതാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന ലക്ഷ്യം.

പഴയ മൊബൈൽ ഫോണുകൾ, ലാപ്ടോപ്പുകൾ, ചാർജറുകൾ, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ശേഖരിക്കുന്നതിനായി കോളേജിൽ പ്രത്യേക കേന്ദ്രം ഒരുക്കിയിട്ടുണ്ട്. ട്യൂബ് ലൈറ്റുകളും, ഇഎഫ്ല ബൾബുകളും, ഇൻക്കൻഡാസെന്റ് ബൾബുകളും ശേഖരണത്തിൽ ഉൾപ്പെടുത്തുന്നില്ല.ശേഖരിച്ച ഇ-മാലിന്യങ്ങൾ പരിസ്ഥിതി സൗഹൃദ രീതിയിൽ പുനരുപയോഗത്തിനും വിനിമയത്തിനും വിധേയമാക്കും. വിദ്യാർത്ഥികൾ, അധ്യാപകർ, നാട്ടുകാർ എന്നിവർ ഈ പ്രവർത്തനത്തിൽ സജീവമായി പങ്കാളികളാകണമെന്ന് കോളേജ് അധികൃതർ അഭ്യർത്ഥിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് സെന്റ് ജോസഫ്സ് കോളേജിലെ ഫിസിക്സ് വിഭാഗവുമായി ബന്ധപ്പെടുക.

അസിസ്റ്റന്റ് പ്രൊഫ. മധു സി എ(+91 94008 26952), അസിസ്റ്റന്റ് പ്രൊഫ. മേരി ജിസ്ബി പൗലോസ് (+91 97453 28494) എന്നിവരുമായി ബന്ധപ്പെടുക.

വാർത്താച്ചുരുക്കം

* ഇന്ദുചൂഡൻ ഫൗണ്ടേഷന്റെ പാടിപ്പറക്കുന്ന മലയാളം – പക്ഷിച്ചി പ്രദർശനം 17 മുതൽ 20 വരെ
* തൃശൂർ ലളിതകലാ അക്കാദമി ആർട്ട് ഗ്യാലറിയിൽ നടക്കുമെന്ന്. സെക്രട്ടറി വി.കെ.ശ്രീരാമൻ അറിയിച്ചു
* മുളംകുന്നത്തുകാവ് സായ് നികേതൻ വാർഷിക കടുംബ സംഗമം 22-ന് പാറമേക്കാവ് അഗ്രശാലയിൽ നടക്കും. സു വ നിർ പ്രകാശനവും ഉണ്ടായിരിക്കും.
* കേരള സംഗീത നാടക അക്കാദമിയുടെ പതിനഞ്ചാം അന്താരാഷ്ട്ര നാടകോത്സവം ഫെബ്രു വരി 23 മുതൽ മാർച്ച് 2 വരെ തൃശൂരിൽ നടക്കും. സംസ്കാരങ്ങളുടെ അതിജീവനം എന്നതാണ് വിഷയം.
* എൽതുരുത്ത് സെന്റ് അലോഷ്യസ് കോളേജ് അലുമിനി മീറ്റ് 25 ന് നടക്കും – മ്യൂസിക് ബാന്റ് മത്സരവും നടക്കും.
* കേരള കലാമണ്ഡലം ഫെല്ലോഷിപ്പ് – അവാർഡ് – എൻഡോവ്മെന്റുകൾ പ്രഖ്യാപിച്ചു
* തൃശൂർ ഗ്രീൻ ഹോർട്ടികൾചറൽ സൊസൈറ്റിയുടെ – ഫ്ളവർ ഷൊ, കാണാൻ വൻ ജനതിരക്ക്. ശക്തൻ നഗറിലാണ്പ്രദർശന നഗരി. 22-ന് സമാപിക്കും
* ഇന്റർനാഷണൽ ഫോക് ലോർ ഫിലിം ഫെസ്റ്റിവൽ സമാപിച്ചു.
* കലാമണ്ഡലം ഗോപിയാശാന്റെ മനോരഥം കവിതാ സമാഹാരം പ്രകാശനം ചെയ്തു
* കേരള കോ-ഓപ്പറേറ്റീവ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ തൃശൂർ താലൂക്ക് പൊതുയോഗം ജവഹർ ബാലഭവനിൽ നടന്നു. 75 വയസ് തികഞ്ഞ അംഗങ്ങളെ ആദരിച്ചു.
* പാമ്പാടി ഭാരതപ്പുഴ കടവിൽ കേരള കുംഭമേള സമാരംഭം.
* തൃശൂർ തെക്ക് സ്വാമിയാർ മംത്തിൽ – വൈദിക വിദ്യാപീഠം ഒരുക്കുന്ന സുമംഗലേഷ്ടിയജ്ഞം രാവിലെ 6 – മുതൽ ആരംഭിക്കും
* തൃശൂർ ഇന്റർനാഷ്ണൽ ഫോക് ലോർ ഫിലിം ഫെസ്റ്റ് നഗരത്തിലെ വിവിധ വേദികളിൽ.
* കോൺഫെഡറേഷൻ ഓഫ് റസിഡന്റ് വെൽഫെയർ അസോസി യേഷൻ പ്രഥമ ജില്ലാ കൺവെൻഷൻ വൈലോപ്പിള്ളി ഹാളിൽ.

തൃശൂർ കാൽഡിയൻ സിറിയൻ ഘജ ടരവീഹ വാർഷികം കോർപ്പ റേഷൻ ഡിവിഷൻ കൗൺസിലർ സിന്ധു ആന്റോ ചാക്കോള ഉദ്ഘാടനം ചെയ്യുന്നു. മാർ ഔഗിൻ കുരിയാക്കോസ് മെത്രാപ്പോലീത്ത സമീപം

കാൽഡിയൻ സിറിയൻ എൽ.പി. സ്ക്കൂൾ വാർഷികം ആഘോഷിച്ചു

തൃശ്ശൂർ: കാൽഡിയൻ സിറിയൻ എൽ.പി. സ്ക്കൂൾ 98-ാം വാർഷികം ആഘോഷിച്ചു. ഈ അധ്യയനവർഷത്തിൽ വിരമിക്കുന്ന സിന്ധു, ജെന്നി എന്നീ ടീച്ചർമാർക്ക് യോഗത്തിൽ യാത്രയയപ്പ് നൽകി. മാർ ഔഗിൻ കുരിയാക്കോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. കോർപ്പറേഷൻ കൗൺസിലർ സിന്ധു ആന്റോ ചാക്കോള യോഗം ഉദ്ഘാടനം ചെയ്തു. ഇസാഫ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ബാല ജ്യോതി ക്ലബിന്റെ ഉദ്ഘാടനവും തദവസരത്തിൽ നടന്നു. കോർപ്പറേറ്റ് മാനേജർ സിസ്റ്റർ ഡോ. ഒ. യു. ജിൻസി, ട്രസ്റ്റി ബോർഡ് ചെയർമാൻ രാജൻ ജോസ് മണ്ണുത്തി, എ.എ. ജോൺസൺ, ലിയോൺസ് കാങ്കപ്പാടൻ, ഡോ. അബി പോൾ മണ്ണുത്തി, കെ.ബി. ഷാജൻ,. പ്രിൻസി ഐസക് എന്നിവർ സംസാരിച്ചു. സജി മാത്യു സ്വാഗതവും ജിനു ജോജു നന്ദിയും പറഞ്ഞു.

സി.പി. ഐ .എം തൃശൂർ ജില്ലാ സമ്മേളനം സ്വാഗതസംഘം ഓഫീസ് കുന്നംകുളത്ത് ഗുരുവായൂർ റോഡിൽ – പാർട്ടി തൃശൂർ ജില്ലാ സെക്രട്ടറി എം.എം. വർഗീസ് ഉൽഘാടനം ചെയ്യുന്നു.

നഗര സൗന്ദര്യവത്കരണത്തിൽ പങ്കാളികളാവുക

തൃശൂർ: നഗര സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി തൃശ്ശൂർ കോർപ്പറേഷന്റെ വിവിധ ഇടങ്ങളിലും മീഡിയനുകളിലും ഫുട്പാത്തിലെ ഹാൻറ് റെയിലുകളിലുമായി 12,000 ത്തിലധികം പൂച്ചെടികൾ നട്ടുവളർത്തുന്നുണ്ട്. ഇവയെ കൃത്യമായി പരിപാലിച്ചാൽ മാത്രമേ നമ്മുടെ നഗരത്തെ ഒരു മനോഹര നഗരമാക്കി മാറ്റുന്നതിന് സാധിക്കുകയുള്ളൂ. ഈ പൂചെടികൾ പരിപാലിച്ച് സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നുണ്ട്.

എന്നാൽ കാലാവസ്ഥാ വ്യതിയാനവും കടുത്ത വേനലും മറ്റും ചെടികളുടെ പരിപാലനത്തിന് ഒട്ടേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതിനാൽ പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി പൂചെടികളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിനാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്. അതിനായി പ്രകൃതി സ്നേഹികളുടേയും സന്നദ്ധ പ്രവർത്തകരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

അതോടൊപ്പം ഓരോരുത്തരും തങ്ങളുടെ സ്ഥാപനത്തിന്റെ/വീടിന്റെ മുന്നിൽ സ്ഥാപിച്ചിട്ടുള്ള പൂച്ചെടികൾക്ക് വെള്ളവും വളവും നൽകുന്നതിനും ഏതെങ്കിലും ചെടികൾ വാടികരിഞ്ഞ് പോകുകയോ സാമൂഹ്യവിരുദ്ധർ നശിപ്പിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന് പകരം പൂച്ചെടികൾ സ്ഥാപിക്കുന്നതിന് തയ്യാറാകണമെന്നും തങ്ങളുടെ സ്ഥാപനത്തിന്റെ/വീടിന്റെമുന്നിൽ സ്വന്തം നിലയിൽ പൂച്ചെടികൾ വെച്ചുപിടിപ്പിക്കാൻ സന്നദ്ധരാകണമെന്നും നഗര സൗന്ദര്യവത്കരണ ത്തിൽ എല്ലാവരും പങ്കാളികളാകണമെന്നും അഭ്യർത്ഥിക്കുന്നു.

5 വയസുകാരനെ വെട്ടി കൊലപ്പെടുത്തുകയും കുഞ്ഞിന്റെ അമ്മയെ വെട്ടി കൊല്ലാൻ ശ്രമിക്കുകയും ചെയ്ത ആസാം സ്വദേശിയായ 19 കാരൻ കുറ്റക്കാരൻ

തൃശൂർ: 5 വയസുകാരനെ വെട്ടി കൊലപ്പെടുത്തുകയും കുഞ്ഞിന്റെ അമ്മയെ വെട്ടി കൊല്ലാൻ ശ്രമിക്കുകയും ചെയ്ത ആസാം സ്വദേശിയായ 19 കാരൻ കുറ്റക്കാരൻ.

30-03-023 തിയ്യതി തൃശൂർ ജില്ലയിലെ മുപ്ലിയത്തുള്ള ഐശ്വര്യ കോൺക്രീറ്റ് ബ്രിക്സ് കമ്പനിയിൽ വെച്ചാണ് കേസിനാസ്പദമായ സംഭവം നടന്നത്. മരണപ്പെട്ട കുഞ്ഞിന്റെ അമ്മ നജ്മ ഖാത്തൂൺ അച്ഛൻ ബഹാരുൾ എന്നിവർ ബ്രിക്സ് കമ്പനിയിലെ ജോലിക്കാരായിരുന്നു. കമ്പനിയിൽ തന്നെ ആയിരുന്നു താമസിച്ചിരുന്നത്. നജ്മയുടെ വല്യമ്മയുടെ മകനായ പ്രതി ജമാൽ ഹുസൈൻ അവിടേക്ക് സംഭവത്തിന്റെ തലേ ദിവസം വന്നതാണ്. നാട്ടിലെ സ്വത്തുതർക്കം മൂലം നജ്മയോടും കുടുംബത്തോടും വൈരാഗ്യമുണ്ടായിരുന്ന പ്രതി, അത് കാണിക്കാതെ നജ്മയോടും കുടുംബത്തോടു ഒപ്പം രാത്രി കഴിയുകയും പിറ്റേ ദിവസം രാവിലെ 7 മണിക്ക് നജ്മയുടെ ഭർത്താവും മറ്റു പണിക്കാരും ജോലിക്കായി ഫാക്ടറിയിൽ കയറിയ ഉടനെ അടുക്കളയിൽ ജോലി ചെയ്തിരുന്ന നജ്മയെ ചക്ക വെട്ടിവെച്ചിരുന്ന വെട്ടുകത്തി ഉപയോഗിച്ച് തലയിലും കൈകളിലും മാരകമായി വെട്ടി പരിക്കേൽപ്പിക്കുകയും അടുത്ത് ഇരുന്ന് ഭക്ഷണം കഴിച്ചിരുന്ന 5 വയസുകാരൻ മകൻ നജുറുൾ ഇസ്ലാം എന്ന കുഞ്ഞിനെ കഴുത്തിൽ വെട്ടി കൊലപ്പെടുത്തുക യുമായിരുന്നു. ആക്രമണത്തിൽ നജ്മയുടെ വിരൽ അറ്റുപോവുകയും രണ്ടു കയ്യുടെ എല്ലൊടിയുകയും തലയിൽ മാരകമായി പരിക്കേൽക്കുകയും ചെയ്തു. കുഞ്ഞ് സ്ഥലത്ത് വെച്ച് തന്നെ മരണപ്പെട്ടിരുന്നു. ഇതിനു ശേഷം ഓടി രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ ജോലിക്കാരും കൂടി പിടിച്ച് കെട്ടിയിട്ടു പോലീസ് ഏല്പിക്കയായിരുന്നു വരന്തരപ്പിള്ളി പോലീസ് FIR ഇട്ട കേസിൽ അന്വേഷം നടത്തി കുറ്റപത്രം സമർപ്പിച്ചത് വരന്തരപ്പിള്ളി ഇഹ ജയകൃഷ്ണൻ ട ആയിരുന്നു. സംഭവസമയം മാനസീക അസുഖമാണെന്നും പ്രതിയെ കളവായി കേസിൽ ഉൾപ്പെടുത്തിയതാണെന്നും പ്രതിക്ക് വേണ്ടി ആസാമിൽ നിന്നും കേരളത്തിൽ നിന്നും ഹാജരായ അഭിഭാഷകൻ കോടതിയിൽ വാദമെടുത്തു. എന്നാൽ പ്രോസിക്യൂഷൻ ഭാഗത്ത് നിന്നും ഹാജരാക്കി വിസ്തരിച്ച 22 സാക്ഷികളെയും 40 രേഖകളും 11ഓളം തൊണ്ടി മുതലുകളും ഉപയോഗിച്ച് പ്രതിക്കെതിരെയുള്ള കുറ്റം തെളിയിക്കാൻ പ്രോസിക്യൂഷനു സാധിച്ചു. ശാസ്ത്രീയ തെളിവുകളും മെഡിക്കൽ എവിഡൻസും കോടതിയിൽ ഹജരാക്കിയ പ്രോസിക്യൂഷൻ ദ്വിഭാക്ഷിയെ ഉപയോഗിച്ചാണ് സാക്ഷിമൊഴികളും പ്രതിയെയും വിസ്തരിച്ചത്. യാതൊരു തെളിവുകളോ സാക്ഷികളോ ഇല്ലാത്തെ പ്രതിക്ക് മാനസീക അസുഖമെന്ന വാദം കോടതി അംഗീകരിച്ചില്ല. ഹൈക്കോടതിയിൽ അടക്കം പല തവണ ജാമ്യ ഹരജിയുമായി പോയ പ്രതിയെ പ്രോസിക്യൂഷന്റെ ശക്തമായ എതിർപ്പിനെ തുടർന്ന് ജാമ്യം നിഷേധിച്ച് വിചാരണ തടവുകാരനായിട്ടാണ് തെളിവെടുപ്പ് പൂർത്തിയാക്കിയത്. പ്രതിയുടെ വയസ് ശിക്ഷ നൽകുന്നതിനെ ബാധിക്കരുത് എന്നും സമൂഹമനസാക്ഷിയെ ഞട്ടിച്ച ക്രൂരത ചെയ്ത പ്രതിക്ക് സമൂഹത്തിനു വിപത്താണെന്നും പരമാവധി ശിക്ഷ നൽകണമെന്നു പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ: ലിജി മധു കോടതിയിൽ വാദിച്ചു.

പ്രോസിക്യൂഷനു വേണ്ടി ജില്ലാ പബ്ലിക് പ്രോസിക്യൂട്ടർ കെ.ബി. സുനിൽകുമാർ പബ്ലിക് പ്രോസിക്യൂട്ടർ ലിജി മധു എന്നിവർ ഹാജരാക്കി. ശിക്ഷാ വിധി ജനുവരി 17-ാം തിയ്യതി പ്രസ്താവിക്കും.

പോലീസ് ഉദ്യോഗസ്ഥർക്ക് നേരെ തോക്ക് ചൂണ്ടിയും വാളുകൾ വീശിയും ഭീകരാന്തരീക്ഷം സൃഷ്ടിച്ച പ്രതികളെ വെറുതെ വിട്ടു

കൊലപാതകം നടത്തുവാനും കവർച്ചിക്കും ആയി തോക്ക്, വടിവാളുകൾ എന്നിവയുമായി കാറിലെത്തിയ സംഘത്തെ പിടികൂടിയ സമയം പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ തോക്ക് ചൂണ്ടി, വടിവാൾ വീശി ഭീകരാന്തരീക്ഷം സൃഷ്ടിച്ചുവെന്ന് ആരോപിച്ച് നെടുപുഴ പോലീസ് ചാർജ് ചെയ്ത കേസിൽ പ്രതികളായ1. ഒല്ലൂർ സ്വദേശി ജിജിത്ത്@ ജിത്തുമോൻ,2. ആൽബിൻ 3. പ്രിൻസ്@ കുട്ടി പ്രിൻസ്,4. ഉണ്ട രാജേഷ്,5. പുഴു രാജേഷ്,6. റോയി @ വെള്ള റോയി എന്നിവരെ കുറ്റക്കാർ അല്ലെന്ന് കണ്ട് വെറുതെ വിട്ടുകൊണ്ട് തൃശ്ശൂർ അതിവേഗ കോടതി നമ്പർ-2 ജഡ്ജ് ശ്രീമതി ജയപ്രഭു ഉത്തരവിട്ടു

23.03.2010 തീയതി കൊലപാതത്തിനായി കാറിൽ എത്തിയ പ്രതികളെ കൂർക്കഞ്ചേരിയിൽ വച്ച് തടഞ്ഞ പോലീസ് ഉദ്യോഗസ്ഥർക്ക് നേരെ പ്രതികൾ തോക്ക് ചൂണ്ടിയെന്നും വടി വാളുകൾ വീശി എന്നുമാണ് പോലീസ് കേസ്.

പ്രോസിക്യൂഷൻ ഹാജരാക്കിയ രേഖകൾ കൊണ്ടും സാക്ഷി മൊഴികൾ കൊണ്ടും പ്രതികൾക്കെതിരെ കുറ്റങ്ങൾ തെളിയിക്കാൻ പ്രോസിക്യൂഷന് കഴിയാത്തതിനാലാണ് പ്രതികളെ വെറുതെ വിട്ടത്. വിചാരണ മധ്യേ രണ്ടാംപ്രതി ആൽബിൻ, നാലാംപ്രതി ഉണ്ട രാജേഷ് എന്നിവർ മരണപ്പെട്ടിരുന്നു

പ്രതികൾക്ക് വേണ്ടി പ്രമുഖ അഭിഭാഷകരായ അഡ്വ ക്കേറ്റ് കെ. എൻ. അജയകുമാർ, സിന്ധു അജയകുമാർ, ഠ. ഞ. കലാധരൻ, ഠ. ഞ. മിഥുൽ തോപ്പിൽ വടുക്കര, കെ. ഡി. ദിലീപ് കുമാർ എന്നിവർ ഹാജരായി.

പുസ്തക പ്രദർശനം നടത്തി

തൃശൂർ: വിയ്യൂർ ഗ്രാമീണ വായനശാലയിൽ ലൈബ്രറി ഗ്രാന്റിൽ വാങ്ങിയ പുസ്തകങ്ങളുടെ പ്രദർശനം കവി രാവുണ്ണി നിർവ്വഹിത്തു. പ്രസിഡണ്ട് സന്തോഷ